## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1972

22.03.2012 ന് മറുപടിയ്ക്ക്

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പണം സമാഹരണം

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. എം.എ. ബേബി | ശ്രീ. കെ.എം.മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയി ലേക്ക് പണം നൽകുന്നത് ധനകാര്യ വകുപ്പാണോ; ഇതിന് അതാത് വർഷം ബഡ്ജറ്റ് വിഹിതം നീക്കിവയ്ക്കാറുണ്ടോ; | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പൊതുജനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സർക്കാരിൽനിന്നുമുള്ള സംഭാവന വഴിയാണ് ധനസമാഹരണം നടത്തുന്നത്. ഓരോ വർഷവും, "2075-00-800-40 മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള സംഭാവന (NP)" എന്ന ശീർഷകത്തിൽ 1000/- രൂപ (ആയിരം രൂപ മാത്രം) ടോക്കൺ വിഹിതമായി വകയിരുത്താറുണ്ട്. പൊതുജനങ്ങളിൽനിന്നുള്ള സംഭാവന, ധനസഹായ വിതരണത്തിന് മതിയാകാതെ വരുന്ന ഘട്ടങ്ങളിൽ, മേൽപറഞ്ഞ ശീർഷകത്തിൽ തുക സർക്കാർ സംഭാവന യായി വകയിരുത്തി ദുരിതാശ്വാസനിധിയിലേക്ക് ലഭ്യമാക്കാറുണ്ട്. |
| (ബി) | ഈ വർഷം ദുരിതാശ്വാസ നിധിയി ലേക്ക് നൽകാനുണ്ടായിരുന്ന തുക ലഭ്യമാക്കിയോ; | ഈ വർഷത്തെ (2011-12) ബജറ്റിലും 1000 രൂപ ടോക്കൺ വിഹിതമാണ് സർക്കാർ സംഭാവനയായി വകയിരുത്തിയിരിക്കുന്നത്. ധനസഹായം നൽകുന്ന തിന് ഫണ്ട് തികച്ചും അപര്യാപ്തമായ ഘട്ടങ്ങളിൽ, മേൽപറഞ്ഞ ശീർഷകത്തിൽ സർക്കാർ സംഭാവനയായി 2011-12ൽ ഇതുവരെ ആകെ 56,62,00,000/- (അൻപത്തി യാറ് കോടി അറുപത്തി രണ്ടു ലക്ഷം രൂപ മാത്രം) ടി ബ ജറ്റ് ശീർഷകത്തിൽ അനുവദിച്ചു. |
| (സി) | ദുരിതാശ്വാസ നിധിയിലേക്ക് പണം സ്വരൂപിക്കുന്നതിനായി പത്രപ്പരസ്യം നൽകിയിട്ടുണ്ടോ; | ഉണ്ട് |

| | | |
|---|---|---|
| (ഡി) | പരസ്യം നൽകുന്നതിന് എത്ര രൂപ ചെലവ് വന്നു എന്ന് വ്യക്തമാക്കുമോ; | പ്രസ്തുത പരസ്യം നൽകിയതിന് ഏകദേശം 5,96,330/– (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി മുന്നൂറ്റി മുപ്പത് രൂപ മാത്രം) രൂപയുടെ ചെലവ് കണക്കാക്കുന്നു. തുക ബന്ധപ്പെട്ട പത്രമാധ്യമങ്ങൾക്ക് നൽകിയിട്ടില്ല. |
| (ഇ) | പരസ്യത്തിലൂടെ എത്ര തുക ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്? | ദുരിതാശ്വാസ നിധിയിലേക്ക് വ്യക്തികളും സ്ഥാപനങ്ങളും സ്വമനസ്സാലെയാണ് സംഭാവന നൽകുന്നത്. ആയതിനാൽ പരസ്യത്തിലൂടെ എത്ര തുക ലഭ്യമാകുമെന്ന് മുൻകൂട്ടി പറയാൻ സാധിക്കുകയില്ല. |

സെക്ഷൻ ആഫീസർ